ॐ



ത്വത് പാദുകേ അവിരതം പരിയേ ചരന്തി
ധ്യായന്ത്യഭദ്രനശനേ ശുചയോ ഗൃണന്തി
വിന്ദന്തി തേ കമലനാഭ ഭവാപവർഗ്ഗ
മാശാസതേ യദി തദാശിഷ ഈശ നാന്യേ (10-72-4)
കിം ദുർമ്മഷം തിതിക്ഷൂണാം കിമകാര്യമസാധുഭി:
കിം നദേയം വദാന്യാനാം ക: പര: സമദർശിനാം (10-72-9)
യോ$f$നിത്യേന ശരീരേണ സതാം ഗേയം യശോ ധ്രുവം
നാചിനോതി സ്വയം കൽപ്പ: സവാച്യ: ശോച്യ ഏവ സ: (10-72-20)
ഹരിശ്ചന്ദ്രോ രന്തിദേവ ഉഞ്ഛവൃത്തി: ശിബിർബ്ബലി:
വ്യാധ: കപോതോ ബഹവോ ഹ്യധ്രുവേണ ധ്രുവം ഗതാ: (10-72-21)

*ശുകമുനി തുടർന്നു:*

ഒരു ദിവസം യുധിഷ്ഠിരൻ ഭഗവാൻ കൃഷ്ണനോടു പറഞ്ഞു. “അവിടുത്തേയും മറ്റു ദേവതകളേയും പൂജിക്കാൻ ഞാൻ കുറച്ചു നാളായി ആഗ്രഹിക്കുന്നു. രാജസൂയം നടത്തണമെന്നു വിചാരിക്കുന്നു. അതിനുള്ള അനുവാദം തന്നാലും. ഭഗവൻ, അവിടുത്തെ പാദപൂജ ചെയ്യുന്നവരിൽനിന്നും ദുഷ്ടതകളെല്ലാം നീങ്ങിപ്പോവുന്നു. അവിടുത്തെ ധ്യാനിക്കുന്നവർക്ക് മോക്ഷവും അവരാഗ്രഹിക്കുന്ന പക്ഷം ലോകൈശ്വര്യങ്ങളും ലഭിക്കുന്നു. അവിടുന്ന് എല്ലാറ്റിൻെറയും ആത്മസത്തയത്രെ. അവിടുന്ന് നിഷ്പക്ഷമതിയും എല്ലാവരെയും സതുല്യം സ്നേഹിക്കുകയും ചെയ്യുന്നു. മനുഷ്യർക്ക് അവരവരുടെ പ്രവൃത്തികൾക്കനുസരിച്ചുള്ള പ്രതിഫലം ലഭിക്കുന്നു.” കൃഷ്ണൻ രാജാവിൻെറ ഉദ്ദേശത്തെ ശ്ലാഘിച്ചു. “അങ്ങും സഹോദരരും അജയ്യരത്രെ. നിങ്ങളെല്ലാവരും ദേവജാതൻമാരാണല്ലൊ. മാത്രമല്ലാ നിങ്ങൾ സദ്ഗുണങ്ങളാൽ എന്നെയും കീഴടക്കിയിരിക്കുന്നു. ആത്മനിയന്ത്രണമില്ലാത്തവർക്ക് അപ്രാപ്യമായ ഒന്നാണത്. എൻെറ ഭക്തനെ ആർക്കും ഈ ലോകത്തിൽ തോൽപ്പിക്കാൻ കഴിയില്ലതന്നെ.” അതിനുശേഷം രാജാവ് നാല് അനുജൻമാരെയും നാടിൻെറ നാലു ദിശകളിലേക്കും അയച്ചു. യാഗത്തിൻെറ ഒരുക്കങ്ങളുടെ മുന്നോടിയായി സഹോദരൻമാർ നാൽവരും രാജ്യങ്ങളെ കീഴടക്കി വമ്പിച്ച സ്വത്തുക്കളുമായി മടങ്ങിവന്നു. ജരാസന്ധൻ ഒരാൾ മാത്രം യുധിഷ്ഠിരൻെറ ചക്രവർത്തി പദം അംഗീകരിക്കാൻ തയ്യാറായില്ല. യുധിഷ്ഠിരൻ ഇതറിഞ്ഞ് നിരാശനായി. ഭഗവാൻ ഉദ്ധവൻെറ പദ്ധതിപ്രകാരം ജരാസന്ധനെ നിഷ്കാസിതനാക്കാൻ പുറപ്പെട്ടു. കൃഷ്ണൻ അർജ്ജുനനെയും ഭീമനെയും കൂട്ടി ബ്രാഹ്മണവേഷത്തിൽ ജരാസന്ധനെ ചെന്നു കണ്ടു. എന്നിട്ടു പറഞ്ഞു. ”മഹാരാജൻ, അങ്ങേയ്ക്ക് സർവ്വമംഗളങ്ങളും ഭവിക്കട്ടെ. അവിടുന്ന് നൽകുമെങ്കിൽ ഞങ്ങൾക്കൊരഭ്യർത്ഥനയുണ്ട്. സഹനശീലനായ ഒരുവന് അസഹ്യമായതെന്തുണ്ട്? ഏതൊരു പ്രവൃത്തിയെ ദുഷ്ടനായൊരുവൻ ഉപേക്ഷിക്കും? ദാനശീലനായൊരുവൻ എന്തുതന്നെ നൽകില്ല? സമദൃഷ്ടിയായൊരുവന് അപരിചിതനായി ആരുണ്ട്? ഈ നശ്വരമായ ശരീരത്തിനാൽ നിതാന്തമായ പ്രശസ്തി നേടാൻ ഒരുവനു കഴിയുകയില്ല തന്നെ. ഹരിശ്ചന്ദ്രൻ, രന്തിദേവൻ, ശിബി, ബലി, ബ്രാഹ്മണർ, മുദ്ഗലൻ എന്ന വേടൻ, പ്രാവ് എന്നിങ്ങിനെ പലരും അനശ്വരതയെ പ്രാപിക്കാൻ തുലോം ക്ഷണികമായ ശരീരത്തെ ഉപേക്ഷിച്ചവരത്രെ.” കൈളിലെ വില്ലുപിടിച്ച അടയാളങ്ങളിൽനിന്നും അതിഥികൾ ബ്രാഹ്മണരല്ലെന്ന് ജരാസന്ധന് മനസ്സിലായി. എങ്കിലും അവർ ചോദിക്കുന്നതെന്തും നൽകാമെന്ന് അദ്ദേഹം വാഗ്ദാനം ചെയ്തു. മൂവരും തങ്ങളുടെ പൂർവ്വരൂപത്തിലേക്ക് തിരിച്ചുവന്നു. എന്നിട്ട് പറഞ്ഞു. “നമുക്ക് ഒരു ദ്വന്ദയുദ്ധം നടത്താം.” ജരാസന്ധൻ സ്വയം ഭീമനുമായി മൽപ്പിടുത്തം ആവാം എന്ന് തിരുമാനിച്ചു. ഭീമനു വേണ്ട ആയുധങ്ങളും അദ്ദേഹം നൽകി. ഇരുപത്തിയേഴുദിവസം നീണ്ടുനിന്നു യുദ്ധം. പകൽസമയത്ത് രണ്ടാളും കൊടിയ പോരാട്ടം നടത്തി. എന്നാൽ രാത്രിയിൽ അവർ ഉറ്റ ചങ്ങാതിമാരായിരുന്നു. ഭീമൻെറ യുദ്ധോൽസാഹം നശിച്ചു തുടങ്ങി. കൃഷ്ണന് ജരാസന്ധൻെറ ജൻമരഹസ്യമറിയാമയിരുന്നു. ശരീരം രണ്ടായി കീറിയാൽ മാത്രമേ ജരാസന്ധനെ വധിക്കാൻ സാധിക്കൂ എന്ന് കൃഷ്ണൻ പറഞ്ഞതനുസരിച്ച് ഭീമൻ അയാളെ വകവരുത്തി. ജനനമരണദു:ഖങ്ങളിൽ നിന്ന് സകലജീവികളെയും മോചിപ്പിക്കുന്നത് ഏതൊരു ഭഗവാൻെറ പാദകമലങ്ങളാണോ അദ്ദേഹം ജരാസന്ധൻെറ തടവിൽ കിടന്ന രാജാക്കൻമാരെയെല്ലാം മോചിപ്പിച്ചു.